സ്കൂൾ കായികതാരങ്ങളുടെ പരിശീലന ക്യാമ്പ്

129 [712] *ശ്രീ. ജോർജ് ജെ. മാത്യു:*

,, *എ. കെ. മണി:*

,, *ടി. യു. രാധാകൃഷ്ണൻ:*

,, *വി. ഡി. സതീശൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 ഏപ്രിൽ, മേയ് മാസങ്ങളിൽ സ്കൂൾ കായിക താരങ്ങൾക്കുവേണ്ടി ഒരു പരിശീലനക്യാമ്പ് തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായോ;

(ബി) എങ്കിൽ എത്രപേർ ഈ ക്യാമ്പിൽ പങ്കെടുത്തു എന്നും അതിൽ എത്ര പരിശീലകർ ഉണ്ടായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) ഇവരുടെ പരിശീലന ക്രമത്തിൽ വെട്ടിക്കുറവ് വരുത്തിയിരുന്നോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) പരിശീലനം നൽകപ്പെട്ടവർക്ക് കൊടുത്ത ഭക്ഷണത്തെയും മറ്റ് പോരായ്കമളെയുംപറ്റി പരാതി ഉയർന്നിരുന്നോ;

(ഇ) കുട്ടികൾക്ക് പ്രതിദിനം ഭക്ഷണത്തിന് അനുവദിച്ച തുകയെത്രയാണ്; ഈ തുക അവർക്ക് മെച്ചപ്പെട്ട ഭക്ഷണം നൽകുന്നതിന് പര്യാപ്തമായിരുന്നോ?

ഉത്തരം

(എ) തിരുവനന്തപുരം ജി. വി. രാജാ സ്പോർട്സ് സ്കൂളിൽ വച്ച് ക്യാമ്പ് നടത്തിയിരുന്നു.

(ബി) ക്യാമ്പിൽ 480 കായികതാരങ്ങളും അവർക്ക് പരിശീലനം നൽകുന്നതിലേക്കായി 26 കോച്ചുകളെയും നിയോഗിച്ചിരുന്നു.

(സി) ഇല്ല. മുൻകാലങ്ങളിലെപ്പോലെ ഈ വർഷവും 20 ദിവസത്തെ പരിശീലനം നൽകിയിരുന്നു.

(ഡി) ക്യാമ്പിൽ നൽകിയ ഭക്ഷണത്തെ സംബന്ധിച്ച് രേഖാമൂലമുള്ള പരാതികൾ ഒന്നും ലഭിച്ചിരുന്നില്ല. റോഡിന്റെ അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ ശുദ്ധജല വിതരണം വിച്ഛേദിച്ചിരുന്നതിനാൽ ശുദ്ധജലത്തിന്റെ ലഭ്യതയിൽ പരിമിതികൾ ഉണ്ടായിരുന്നു. ഇത് ക്യാമ്പിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ ബദൽ സംവിധാനം കണ്ടെത്തിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രതിദിനം ഒരു കുട്ടിക്ക് 55 രൂപ നിരക്കിലാണ് തുക അനുവദിച്ചിരുന്നത്. അനുവദിച്ച തുക മെച്ചപ്പെട്ട മെനുപ്രകാരം ഭക്ഷണം നൽകുന്നതിന് പര്യാപ്തമായിരുന്നു.

എസ്. എസ്. എൽ. സി. 'സേ' പരീക്ഷയ്ക്ക് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി

130 [713] *ശ്രീ. സി. കെ. നാണു*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എസ്. എസ്. എൽ. സി. 'സേ' പരീക്ഷ സംബന്ധിച്ച് വിശദാംശം വ്യക്തമാക്കാമോ;

(ബി) പരീക്ഷാ ഫീസായി ഓരോ വിഷയത്തിനും എത്ര രൂപയാണ് ഈടാക്കുന്നത് എന്ന് അറിയിക്കാമോ;

(സി) 'സേ' പരീക്ഷയിൽ നടപ്പുവർഷം പങ്കെടുത്ത വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്. എസ്. എൽ. സി. പരീക്ഷയിൽ ഡി, ഇ ഗ്രേഡുകൾ ലഭിച്ച വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം നഷ്ടപ്പെടാതെ ഫലം മെച്ചപ്പെടുത്തിന്നതിന് അവസരം നൽകുന്ന പരീക്ഷയാണ് 'സേ' പരീക്ഷ. പുതിയ സ്കീമിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് രണ്ട് വിഷയങ്ങളിലായി പരമാവധി 5 പേപ്പറുകൾക്ക് 'സേ' പരീക്ഷയിലൂടെ ഗ്രേഡ് മെച്ചപ്പെടുത്താൻ അവസരം നൽകുന്നുണ്ട്.

(ബി) ഒരു വിഷയത്തിന് 100 രൂപയാണ് ഈടാക്കുന്നത്.

(സി) 'സേ' പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ ബാഹുല്യം കണക്കിലെടുത്ത് 36 സെന്ററുകൾ ഉണ്ടായിരുന്നത് 227 സെന്ററായി വർദ്ധിപ്പിച്ചിട്ടുണ്ട്.

എസ്. എസ്. എൽ. സി. ചോദ്യപേപ്പർ ചോർച്ച

131 [714] *ശ്രീ. രാജു എബ്രഹാം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോർന്നിരുന്നോ; എങ്കിൽ ഏത് പരീക്ഷയുടെ ചോദ്യപേപ്പറുകളാണ് ചോർന്നത്; വിശദാംശം ലഭ്യമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly